**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 884** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ബേപ്പൂർ ഹാർബറിന്റെ സമഗ്ര നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂർ ഹാർബറിന്റെ സമഗ്ര നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുക;

**<u>മറുപടി:</u>** ബേപ്പൂർ ഹാർബറിന്റെ സമഗ്ര വികസനം കണക്കിലെടുത്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1.ബേപ്പൂർ മത്സ്യ ബന്ധന തുറമുഖത്തിന്റെ അറ്റകുറ്റ പണികളും നവീകരണവുംഎന്ന പ്രവൃത്തിയുടെ ഭാഗമായി ഓക്ഷൻ ഹാളുകളുടെ നവീകരണ (100 ലക്ഷം രൂപ) പ്രവൃത്തികളും, ഹാർബർ കെട്ടിടങ്ങളുടെ പെയിന്റിംഗ് പ്രവൃത്തികളും.

2.ബേപ്പൂർ ഹാർബറിലെ പാർക്കിംഗ് ഷെഡ്, ലോഡിംഗ് ഷെഡ് എന്നിവയുടെ നാൽപ്പത് ലക്ഷം രൂപയുടെ നവീകരണ പ്രവൃത്തികൾ.

3.ഹാർബറുകളിൽ ആവശ്യമായ വെളിച്ചം ലഭ്യമാക്കുന്നതിനായി പുതിയ ലൈറ്റുകളും കൂടാതെ പഴയ ലൈറ്റുകളുടെ അറ്റകുറ്റപണികളും ഉൾപ്പെടെ 10 ലക്ഷം രൂപയുടെ ഇലക്ട്രിഫിക്കേഷൻ നവീകരണ പ്രവൃത്തികൾ.

4.ഹാർബർ മാലിന്യമുക്തമാക്കുന്നതിനും പരിപാലനത്തിനും വേണ്ടി 10 ലക്ഷം രൂപയുടെ routine maintenance പ്രവൃത്തി.

**(ബി)** ഹാർബറിന്റെ ഡ്രഡ്ജിംഗിനായി അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ടി പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** PMMSY പദ്ധതിയിൽ ഭരണാനുമതി ലഭിച്ച 594 ലക്ഷം രൂപയുടെ ബേപ്പൂർ ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തി മെയ് മാസം 22-ന് പൂർത്തിയായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**